# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1284

30.01.2018-ന് മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാപോറ്റി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനായി നിർദ്ദിഷ്ട ഏജൻസികളെ നിർദ്ദേശിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ; | (എ) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ തനതായ മാസ്റ്റർപ്ലാൻ അംഗീകൃത ഏജൻസികൾ തയ്യാറാക്കേണ്ടതുണ്ട്. ഇപ്രകാരം അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ മാസ്റ്റർപ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിനായി സർക്കാർ അംഗീകൃത ഏജൻസിയായ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ സ്ഥാപനങ്ങൾക്കോ സർക്കാർ അംഗീകൃത ഏജൻസികൾക്കോ ആയതിന് ചെലവായ തുക നൽകുന്നതിന് നിർദ്ദേശം പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) ശാസ്ത്രീയമായ മാസ്റ്റർപ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള സർക്കാർ അംഗീകൃത ഏജൻസിയായ 'കിറ്റ്കോ'യ്ക്ക് കൺസൾട്ടൻസി ഫീസ് ഇനത്തിൽ അംഗീകൃത തുക നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (സി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br>1) അക്കാദമിക മികവ് - മുഴുവൻ പൊതുവിദ്യാലയങ്ങളിലെയും മുഴുവൻ |

കുട്ടികളുടെയും മികവിനായി സ്കൂളിനെ സുസജ്ജമാക്കാൻ അദ്ധ്യാപകരുടേയും പൊതുസമൂഹത്തിന്റേയും കൂട്ടായ ശ്രമത്തോടെ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഓരോ സ്ഥാപനവും ഫെബ്രുവരി ഒന്നിന് അത് പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

2) ഭൗതിക സാഹചര്യ വികസനം - സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന്റെ ആദ്യപടിയായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 141 സ്കൂളുകളെ കിഫ്ബി മുഖേനയുള്ള 5 കോടി (അഞ്ചുകോടി) രൂപയുടെ ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി നിർവ്വഹണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി 'കൈറ്റി'നെ തെരഞ്ഞെടുക്കുകയും അതിന്റെ നേതൃത്വത്തിൽ തുടർ നടപടികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും (സർക്കാർ/എയ്ഡഡ്) ഹൈടെക് ആക്കുന്ന പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

3) സമൂഹത്തെ സജ്ജമാക്കുന്ന പ്രവർത്തനം - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കാനും ഗുണമേന്മ വിദ്യാഭ്യാസത്തിൽ രക്ഷകർത്താക്കളുടെയും പൊതുസമൂഹത്തിന്റെയും പങ്ക് എന്താകണമെന്ന് ചർച്ച ചെയ്യുന്നതിനുമായി വിപുലമായ രക്ഷാകർതൃ വിദ്യാഭ്യാസവും നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ